# ലോക്ഡൗൺ കൊറോണയേക്കാൾ വലിയ ദുരന്തമായി മാറുമോ?

പുതിയ കൊറോണ വൈറസ്, സീസണൽ ഇൻഫ്ളുവൻസയേക്കാൾ മാരകമല്ലെങ്കിൽ, സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ കഴിയുമോ എന്ന് നാം അന്വേഷിക്കണം. നമുക്ക് ഇപ്പോഴും പ്രായമായവരെ സംരക്ഷിക്കേണ്ടതുണ്ട്. അവർ സുരക്ഷിതരാണെന്നും വൈറസിൽ നിന്ന് ഒറ്റപ്പെട്ട് നിൽക്കുകയാണെന്നും ഉറപ്പാക്കേണ്ടതുണ്ട്. ചെറുപ്പക്കാർ ജോലിക്ക് പോയി സമ്പാദ്യം കണ്ടെത്തി അവരെ സംരക്ഷിക്കേണ്ടത് വളരെ പ്രധാനമാണ്. പുതിയ കൊറോണ വൈറസ് വഴി മരിക്കാനുള്ള സാധ്യത കുറവാണെങ്കിൽ, ലോക്ക്ഡൗൺ ഉറപ്പായും അങ്ങേയറ്റത്തെ ദുരന്തമായി മാറും. പ്രമുഖ ശിശുരോഗ വിദഗ്ധനും ആരോഗ്യ ഗവേഷകനുമായ

**ഡോ. ജേക്കബ് പുളിയേൽ**

*മൂന്ന് തരത്തിലുള്ള ധാരകളുടെ ഒരു സംയോഗം സമിതിയുടെ ആദ്യകാല പ്രവർത്തനങ്ങളിൽ കാണാം*

**പുതിയ** കൊറോണ വൈറസിനെക്കുറിച്ചുള്ള ഭീതി നമ്മളെയെല്ലാം പരിഭ്രാന്തരാക്കിയിരിക്കുകയാണല്ലോ. എന്നാൽ ഈ സന്ദർഭത്തിൽ കണക്കുകൾ നോക്കി വൈറസിന്റെ മാരകതയെക്കുറിച്ചുള്ള തോന്നലുകൾ ലഘൂകരിക്കേണ്ടത് പ്രധാനമാണ്. ഇന്ത്യയിൽ പ്രതിവർഷം പത്ത് ദശലക്ഷം ആളുകൾ മരിക്കുന്നുണ്ട്. അവരിൽ ഭൂരിഭാഗവും വാർദ്ധക്യസഹജമായ അസുഖങ്ങളുള്ളവരാണ്. അവരിൽ പലപ്പോഴും ന്യൂമോണിയ ബാധ ഒരു മരണകാരണമായി മാറുന്നുമുണ്ട്. സീസണൽ ഇൻഫ്ലുവൻസ അല്ലെങ്കിൽ ഇൻഫ്ലുവൻസയ്ക്ക് എല്ലാ വർഷവും ജനിതക പരിവർത്തനം സംഭവിക്കുകയും ഭൂമിയിലെമ്പാടും വ്യാപിക്കുകയും ചെയ്യുന്നുണ്ട്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, പ്രതിവർഷം 2,90,000 മുതൽ 6,50,000 വരെ ആളുകൾ ഇതുകാരണം ലോകമെമ്പാടും മരിക്കുന്നു. ആകെ മരണനിരക്ക് 0.1% മുതൽ 0.5% വരെയാണ്. രണ്ടാമതായി, കോവിഡ്-19 പരീക്ഷിക്കുന്നതിനുള്ള കിറ്റുകൾ വിലയേറിയതും എളുപ്പത്തിൽ ലഭ്യമാകാത്തതുമാണ്. അക്കാരണത്താൽ, അണുബാധയുടെ അപകടസാധ്യത നിലനിൽക്കുന്നവർക്കും നിലവിൽ ജീവന് ഭീഷണിയായ മറ്റ് രോഗങ്ങളുള്ളവർക്കുമായി പരിശോധനകൾ പലപ്പോഴും പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ രോഗികളിൽ മരണനിരക്ക് ഉയർന്നതാണെങ്കിലും, മൊത്തത്തിലുള്ള അണുബാധയുമായി തട്ടിച്ചുനോക്കുമ്പോൾ മരണനിരക്കിന്റെ യഥാർത്ഥ പ്രാതിനിധ്യമല്ല ഇത്. കൊറോണ വൈറസ് ബാധയുണ്ടോ എന്നറിയാനായി 1,40,000 പേരെ പരീക്ഷിച്ചുകൊണ്ട് ദക്ഷിണ കൊറിയ കൂടുതൽ  വിശദമായ ഒരു പഠനം നടത്തുകയുണ്ടായി. ഇവരിൽ 6,000 പേർക്ക് കൊറോണ വൈറസ് ബാധയുണ്ടെങ്കിലും മരണനിരക്ക് 0.6 ശതമാനമാണ്. വൈറസിന്റെ കുറഞ്ഞ മരണനിരക്ക് കണക്കിലെടുക്കുമ്പോൾ, കോവിഡ്-19 നെ 'ഉയർന്ന പരിണതഫലമുള്ള പകർച്ചവ്യാധി' (എബോള പോലെ) ആയി തരംതിരിക്കേണ്ടതില്ലെന്ന് യു.കെ സർക്കാർ അറിയിക്കുകയുണ്ടായി. ഇറ്റലിയിലും, മിക്ക മരണങ്ങളും നിരവധി രോഗങ്ങളുമായി കഴിയുന്ന വൃദ്ധരിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കോവിഡ്-19 അണുബാധയുടെ തീവ്രത ഹൃദയാഘാതത്തിന് സമാനമാണ്. അവ കൂടുതലും സംഭവിക്കുന്നത് പ്രായമായവരിലാണ്. ഇടയ്ക്കിടെ ചെറുപ്പക്കാർ ഹൃദയാഘാതം മൂലം മരിക്കാറുണ്ടെങ്കിലും അത് അപവാദം മാത്രമാണ്, പൊതു അവസ്ഥയല്ല. എന്നാൽ ഇപ്പോൾ, മൂന്നാഴ്ചയായി ഇന്ത്യ രാജ്യവ്യാപകമായി പൂട്ടിക്കിടക്കുകയാണ്. മിക്കവാറും എ

ല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. ദരിദ്രർക്ക് ജോലിയോ ഭക്ഷണമോ ഇല്ല. സാമൂഹിക അകലം പാലിക്കാൻ ജനങ്ങളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. മറ്റെല്ലാ വ്യക്തികളെയും മാരകമായ പകർച്ചവ്യാധിയുടെ ഒരു സ്രോതസ്സായി കണക്കാക്കണം. നാം പരസ്പരം അകറ്റപ്പെടുന്നു. കഴിഞ്ഞ ദിവസം ബാംഗ്ലൂരിൽ ഒരു യുവതി ഡെങ്കിപ്പനി വന്ന് ആശുപത്രിയിൽ വച്ച് മരിച്ചു. അവളുടെ മൃതദേഹം വീട്ടിലെത്തിച്ചപ്പോൾ, കൊറോണ വൈറസ് ലഭിക്കുമെന്ന ഭയത്താൽ അയൽക്കാർ പോലീസിൽ പരാതിപ്പെട്ടു! മറ്റൊരിടത്ത്, ഒരു മാന്യൻ വടക്കുകിഴക്കൻ ഇന്ത്യയിൽ നിന്നുള്ള ഒരു സ്ത്രീയുടെ മുഖത്ത് തുപ്പി അവളെ 'കൊറോണ' എന്ന് വിളിച്ചു; ഒരുപക്ഷേ അവൾ വുഹാനിൽ നിന്നുള്ളതാണെന്ന് അയാൾ കരുതിയിരിക്കാം. ഈ രംഗങ്ങൾ ഇന്ത്യയിൽ മാത്രമുള്ളതല്ല; മറ്റ് രാജ്യങ്ങളിലും സമാനമായ കഥകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്തുകൊണ്ട്?

ജോൺസ് ഹോപ്കിൻസ് സെന്റർ, വേൾഡ് ഇക്കണോമിക് ഫോറം, ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ഗവേഷകർ 'ഇവന്റ് 201' എന്ന പേരിൽ മഹാമാരിയോട് എങ്ങനെ പ്രതികരിക്കണം എന്ന ഒരു പരിപാടി സംഘടിപ്പിക്കുകയും മുഴുവൻ കാര്യങ്ങളും റെക്കോർഡു ചെയ്ത് യുട്യൂബിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിരുന്നു.

രസകരമായ മറ്റൊരു സംഗതി, ചൈനയിൽ ആദ്യത്തെ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് വളരെ മുമ്പ് ഒരു മഹാമാരി ലോകത്തെ എങ്ങനെയാണ് ബാധിക്കാൻ പോകുന്നതെന്ന് 2019 ഒക്ടോബറിൽ തന്നെ ചിലർ കണക്കുകൂട്ടിയിരുന്നു. ജോൺസ് ഹോപ്കിൻസ് സെന്റർ, വേൾഡ് ഇക്കണോമിക് ഫോറം, ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ഗവേഷകർ 'ഇവന്റ് 201' എന്ന പേരിൽ മഹാമാരിയോട് എങ്ങനെ പ്രതികരിക്കണം എന്ന ഒരു പരിപാടി സംഘടിപ്പിക്കുകയും മുഴുവൻ കാര്യങ്ങളും റെക്കോർഡു ചെയ്ത് യുട്യൂബിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിരുന്നു.

ലോകം എങ്ങനെ പൂട്ടിയിടണം, വാർത്തകളും സോഷ്യൽ മീഡിയയും എങ്ങനെ നിയന്ത്രിക്കണം, ഓഹരിവിപണിയിലെ തകർച്ച എങ്ങനെയാകും, പൊതു അശാന്തിയെ എങ്ങനെ കൈകാര്യം ചെയ്യണം എന്നിങ്ങനെയുള്ള എല്ലാ വിശദാംശങ്ങളും ഇവന്റ് 201 ൽ പങ്കെടുത്തവർ ചർച്ച ചെയ്തു. അതിജീവിച്ചവരുടെ 'പോസിറ്റീവ്' കഥകൾ എങ്ങനെയാണ് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതെന്ന് പോലും ഈ ഉദ്യമം വിശദമാക്കുന്നുണ്ട്. ജോൺസ് ഹോപ്കിൻസ് സെന്ററിലെ അംഗങ്ങൾ ഒരു സാങ്കൽപ്പിക പകർച്ചവ്യാധിയെ മാത്രമാണ് മാതൃകയാക്കിയതെന്നും യഥാർത്ഥ വൈറസ് ബാധ പ്രവചിക്കാൻ ശ്രമിച്ചില്ലെന്നും വ്യക്തമാക്കി. യാദൃശ്ചികമായി, ഒരു മാസത്തിനുശേഷം പുതിയ കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടാൻ തുടങ്ങി. ഇവന്റ് 201 ലോകത്തിന് പിന്തുടരേണ്ട ചില പ്രോട്ടോക്കോളുകൾ സൂചിപ്പിക്കുന്നതിനാണ് ശ്രമിച്ചത്, ഇതുവരെ നമ്മൾ ആ പ്ലേബുക്ക് പിന്തുടർന്നു. ഭാഗ്യവശാൽ, ചില നിഗമനങ്ങൾ പൂർണ്ണമായും കൃത്യമല്ല. ഒന്ന്, പുതിയ കൊറോണ വൈറസിനേക്കാൾ മാരകമായ വൈറസ് ആണ് ഇവന്റ് 201 അനുമാനിച്ചത്. താരതമ്യേന വിലകുറഞ്ഞ ഹൈഡ്രോക്സി ക്ലോറോക്വിൻ എന്ന മരുന്ന് രോഗനിവാരണത്തിന് ഫലപ്രദമാണെന്ന് ചില ഗവേഷകർ നിർദ്ദേശിച്ചതായി (എന്നാൽ അന്തിമമല്ല) തെളിവുകളുണ്ട്. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന കോവിഡ് -19 രോഗികൾക്ക് ഈ മരുന്ന് നൽകുന്നതിന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് അടുത്തിടെ ആരോഗ്യ പ്രവർത്തകർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയുണ്ടായി.

ഇന്ത്യയെപ്പോലെ വലിയ ധനശേഷിയില്ലാത്ത രാജ്യങ്ങളിൽ സാമ്പത്തിക പരാധീനത പലരെയും കൊല്ലാൻ സാധ്യതയുണ്ടെന്ന് വിദഗ്ധർ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ഈ ഘട്ടത്തിൽ, പുതിയ കൊറോണ വൈറസ്, സീസണൽ ഇൻഫ്ളുവൻസയേക്കാൾ മാരകമല്ലെങ്കിൽ, സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ കഴിയുമോ എന്ന് നാം അന്വേഷിക്കണം. നമുക്ക് ഇപ്പോഴും പ്രായമായവരെ സംരക്ഷിക്കേണ്ടതുണ്ട്. അവർ സുരക്ഷിതരാണെന്നും വൈറസിൽ നിന്ന് ഒറ്റപ്പെട്ട് നിൽക്കുകയാണെന്നും ഉറപ്പാക്കേണ്ടതുണ്ട്. ചെറുപ്പക്കാർ ജോലിക്ക് പോയി സമ്പാദ്യം കണ്ടെത്തി അവരെ സംരക്ഷിക്കേണ്ടത് വളരെ പ്രധാനമാണ്. പുതിയ കൊറോണ വൈറസ് വഴി മരിക്കാനുള്ള സാധ്യത കുറവാണെങ്കിൽ, ലോക്ക്ഡൗൺ ഉറപ്പായും അങ്ങേയറ്റത്തെ ദുരന്തമായി മാറും.

പരിഭ്രാന്തിയിൽ ആളുകൾ യുക്തിരഹിതമായ തീരുമാനങ്ങൾ എടുക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് പടിഞ്ഞാറ് ടോയ്‌ലറ്റ് പേപ്പറിനായുള്ള തിരക്ക്. ഈ പരിഭ്രാന്തി ഇല്ലാതാക്കാൻ നാം വാചാടോപം ഉടൻ അവസാനിപ്പിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ, നമ്മൾ നമ്മുടെ മെഡിക്കൽ സ്രോതസ്സുകളെ മറികടക്കും, അനാവശ്യ മരണങ്ങളുണ്ടാകും. നമ്മുടെ പരിമിതമായ സാമ്പത്തിക സ്രോതസ്സുകൾ വരെ ഇല്ലാതാവുകയും ദരിദ്രർ റേഷൻ പോലും വാങ്ങാനാകാതെ മരണപ്പെടുകയും ചെയ്യും. ഫ്രാങ്ക്ലിൻ ഡി. റൂസ്‌വെൽറ്റ് പറഞ്ഞതുപോലെ, നാം ഭയപ്പെടേണ്ട ഒരേയൊരു കാര്യം ഭയം മാത്രമാണ്.

*('ദി വയർ' 2020 മാർച്ച് 26ന് എഴുതിയ ലേഖനത്തിന്റെ പരിഭാഷ).* ■